ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മെമ്പർമാർക്ക് അറിയാമെന്നു വിചാരിച്ചതുകൊണ്ടാണ് വിശദീകരിക്കാത്തത്. ചോദ്യോത്തരസമയത്ത് വിശദീകരിക്കാൻ നിന്നാൽ സമയം വളരെ നീണ്ടുപോകും. ഹരിജനങ്ങളുടെ എണ്ണം കുറവായതുകൊണ്ട് ഹരിജനങ്ങളെ മാത്രം പ്രത്യേകമായി റിക്രൂട്ടുചെയ്യുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെൻറ് എന്നു പേർ.

ശ്രീ. എം. കെ. കേശവൻ: ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുണ്ടായിരുന്ന സ്കൂളുകളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അദ്ധ്യാപകർ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ കീഴിലേക്കു വന്നിട്ട് അവരിൽ പലരും ടി.ടി.സി. യോഗ്യത ഇല്ലാത്തവരായി ഉണ്ട്. അത്തരം ആളുകൾക്ക് ടി. ടി. സി. പാസാകാൻ എത്ര ചാൻസ് കൊടുക്കാനാണു ഗവൺമെൻറുദ്ദേശിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത്തരം ആളുകൾ ടി.ടി.സി പാസാകേണ്ടതില്ല, സർ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഹരിജൻ സ്കൂളുകളിൽ നിയമിക്കപ്പെട്ടവർക്ക് ടി.ടി.സി വേണ്ടെന്നും അല്ലാത്ത സ്കൂളുകളിൽ ഹരിജനങ്ങൾക്ക് അതു വേണമെന്നും പറഞ്ഞതായിട്ടാണു മനസ്സിലാകുന്നത്. ഈ വിവേചനത്തിന് അടിസ്ഥാനമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഹരിജൻ സ്കൂളുകൾ പത്തിരുപതുകൊല്ലങ്ങൾക്കുമുമ്പ് എറെടുത്തതാണ്. അവർ ജോലിയിൽ ചേരുന്ന കാലത്ത് ടി.ടി.സി. ഒരു നിർബന്ധിതയോഗ്യതയല്ല. ടി.ടി.സി നിർബന്ധിതമല്ലാതെ ജോലിയിൽ ചേർന്നവരോടു പിന്നെയും ടി.ടി.സി. വേണമെന്നു നിർബന്ധിക്കുന്നതു ശരിയല്ല. ഇപ്പോൾ റിക്രൂട്ടുചെയ്തവർക്കു ടി.ടി.സി. നിർബന്ധിതമാണു സർ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: മുൻപ് പയൽ സ്കൂളുകൾ എന്ന പേരിൽ ഹരിജൻ സ്കൂളുകളുണ്ടായിരുന്നു. ഇടയ്ക്ക് അതെല്ലാം വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് എറെടുത്തു. ഇപ്പോഴും ഹരിജൻ സ്കൂളുകൾ പുതുതായി അനുവദിക്കുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇല്ല.

സ്റേറ ഉത്തരവുകൾ

* 665 [725] ശ്രീ. സേവ്യർ അറയ്ക്കൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-സഹകരണ വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

സർക്കാരിനു ലഭിക്കേണ്ട നികുതി കുടിശ്ശികകൾ ഈടാക്കി എടുക്കുന്നതിനു വിഘാതമായ സ്റേറ ഉത്തരവുകൾ നൽകുന്ന ഏർപ്പാട് നിർത്തലാക്കുമോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ): സർ, സർക്കാരിനു ലഭിക്കേണ്ട നികുതി കുടിശ്ശികകൾ ഈടാക്കാൻ വിഘാതമായ സ്റേറ ഉത്തരവുകൾ നൽകാറില്ല. എന്നാൽ കുടിശ്ശിക തുക അടയ്ക്കേണ്ടവർക്ക് അമിതമായ ബുദ്ധിമുട്ട് ഒഴിവാക്കാനും കുടിശ്ശികകൾ സുഗമമായി ഈടാക്കുന്നതിനുംവേണ്ടി അർഹതയുള്ള പാല

LIBRARY ARCHIVES Kerala Legislative Assembly

കേസുകളിൽ ഹൈക്കോടതിയിലേക്ക് നിർബന്ധ നടപടി നിർത്തിവച്ചോ ക്ലിപ്ത തവണകളായി ഒരു നിശ്ചിതസമയത്തിനുള്ളിൽ കുടിശ്ശിക അടച്ചുതീർക്കുന്നതിനു സാവകാശം കൊടുത്തോ ഉത്തരവുകൾ നൽകാറുണ്ട്. ഇത് ഉചിതവും ഫലപ്രദവുമായ നടപടിയായി അനുഭവപ്പെട്ടിട്ടുള്ളതിനാൽ അത്തരം നടപടികൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: മൊത്തത്തിൽ എത്ര രൂപ ഈ ഇനത്തിൽ വരാനുണ്ടെന്നു പറയാമോ?

ശ്രീ. ബേബി ജോൺ: 1978-79 ലെ ഡിമാൻറ് 39 കോടിയാണ്. പക്ഷേ അതിൽ കോടതികൾ 272 കേസുകളിലായി 10 കോടി 16 ലക്ഷം രൂപയുടെ സ്റേ കൊടുത്തിട്ടുണ്ട്. ഗവൺമെൻറ് 3,741 കേസുകളിൽ 4 കോടി 94,000 രൂപയ്ക്ക് തവണകളും സ്റേയും അനുവദിച്ചിട്ടുണ്ട്; ഒരു മാസത്തെ സ്റേ ആയും, തവണകളായും. ബോർഡ് 104 കേസുകളിൽ 16,76,000 രൂപയ്ക്ക് കൊടുത്തിട്ടുണ്ട്. കളക്ടർമാർ 871 കേസുകളിൽ 52,84,000 രൂപയ്ക്ക് കൊടുത്തിട്ടുണ്ട്. അപ്പലേറ്റ് അതോറിറ്റികൾ 1858 കേസുകളിൽ 2,82,78,000 രൂപയ്ക്കു കൊടുത്തിട്ടുണ്ട്. പിന്നെ ഷോർട്ട് ടേം ലോണായി ഒരു ഇരുപത്തഞ്ചു ലക്ഷം. ഇതാണ് ഇതിൻെറ കണക്ക്.

ശ്രീ. സേവ്യർ അറയ്ക്കൽ: ഈ ചെറിയ തുകകൾ സർക്കാരിലേക്കു കൊടുക്കാനുള്ളതിനെസംബന്ധിച്ച് സ്റേ കൊടുക്കാൻ കളക്ടർമാർ ഇപ്പോൾ വൈമനസ്യം കാണിക്കുന്നുണ്ട്. അതുകൊണ്ട് കൂടുതലാളുകൾക്ക് ഉപകാരം വരത്തക്കവിധത്തിൽ ഇങ്ങനെ സ്റേ കൊടുക്കുന്നതിനു വേണ്ടി ഗവൺമെൻറിൽനിന്നു കളക്ടർമാർക്കു നിർദ്ദേശം നൽകി ഉത്തരവുണ്ടാകുമോ?

ശ്രീ. ബേബി ജോൺ: സർ, എനിക്കു സന്തോഷമായി. ബഹുമാനപ്പെട്ട മെമ്പർ ഇതു നിർത്തലാക്കുമോ എന്നാണ് ചോദിച്ചത്; ഉപചോദ്യത്തിൽ, ഇതു കൂടുതൽ ഉദാരമാക്കാൻ ഉദ്ദേശമുണ്ടോ എന്നു ചോദിച്ചതിൽ സന്തോഷമുണ്ട്. കളക്ടർമാർക്കു നിർദ്ദേശം കൊടുത്തിട്ടുണ്ട്. നാലു തവണയിൽക്കൂടുതൽ കൊടുക്കാൻ അവർക്ക് അധികാരം കൊടുത്തിട്ടില്ല.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ചെറിയ ചെറിയ കൃഷിക്കാർ വാങ്ങിയിട്ടുള്ള കടങ്ങൾ അടയ്ക്കാൻ സാധിക്കാതെ വരുന്നതിൻെറ പേരിൽ റവന്യൂ റെക്കവറി നടപടി എടുക്കും. വിളനാശംകൊണ്ടും കാർഷികോൽപന്നങ്ങളുടെ വിലയിടിവുകൊണ്ടും അടയ്ക്കാൻ നിവൃത്തിയില്ലാഞ്ഞിട്ടാണ് അവരടയ്ക്കാത്തത്. അത്തരം ചെറിയ കടങ്ങളെല്ലാം റദ്ദാക്കാനുള്ള നടപടിയെടുക്കുമോ? സ്റേ കൊടുത്താൽ സാവകാശം കിട്ടുകമാത്രമാണ്.

ശ്രീ. ബേബി ജോൺ: സർക്കാർ കൊടുക്കുന്ന കടങ്ങൾ റദ്ദാക്കുക എന്നു പറഞ്ഞാൽ വലിയ ബുദ്ധിമുട്ടുള്ള കാര്യമാണു സർ. പിരിഞ്ഞു കിട്ടാൻ സാധിക്കാത്തതു ചിലത് ചിലപ്പോൾ എഴുത്തിത്തള്ളാറുണ്ട്. അല്ലാതെ, പൊതുവായി, കൊടുത്തിരിക്കുന്ന കടമെല്ലാം റദ്ദാക്കിയിരിക്കുന്നു എന്നു പറയാൻ ഒക്കുകയില്ല. പക്ഷേ അങ്ങനെയുള്ള ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യത്തിലേറെ സാവകാശം കൊടുക്കുന്നുണ്ട്. സാവകാശം കൊടുത്ത് പിരിച്ചെടുക്കുക എന്നത് ഗവൺമെൻറ് ഒരു നയമായി അംഗീകരിച്ചിരിക്കുകയാണ്. പലപ്പോഴും സാവകാശം കൊടുക്കാത്തതുകൊണ്ട് കുടിശ്ശിക ലഭിക്കുന്നില്ല, മറേറയാം നശിക്കുകയും ചെയ്യുന്നു. ഈ സ്ഥിതിവിശേഷം ഒഴിവാക്കണമെന്നാണു ഗവൺമെൻറ് ഗ്രഹിക്കുന്നത്.

ശ്രീ. പി. സി. ജോസഫ്: 5000 ക.യിൽ താഴെയുള്ള കാർഷിക വായ്പകൾക്ക് കൂടുതൽ തവണകളും സ്റേറയ്ക്കു കൂടുതൽ കാലാവധിയും അനുവദിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ബേബി ജോൺ: സർ, പ്രത്യേകമായ ഒരു തുകയുടെ കാര്യത്തിലല്ല. ചിലപ്പോഴാം 500 രൂപയും 1000 രൂപയുമൊക്കെയാണ് ബ്ലോക്കുകളിൽനിന്നുള്ള ലോൺ കൊടുത്തുവരുന്നത്. വേണ്ടത്ര സാവകാശം കൊടുക്കുന്നുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഹരിജൻ സൊസൈററികളും മറും നാട്ടിൻപുറങ്ങളിൽ രജിസ്റർ ചെയ്തിട്ട് വിദ്യാഭ്യാസമില്ലാത്ത ഹരിജനങ്ങളെ അതിന്റെ ഡയറക്ടർ ബോർഡ് മെമ്പർമാർ ആക്കും. സമർത്ഥൻമാരായ സെക്രട്ടറിമാർ ഈ സൊസൈററികളിൽനിന്നും പണം എടുത്ത് ദുർവിനിയോഗം ചെയ്യുന്നതിന്റെ ഫലമായി റവന്യൂ റക്വെറി നടപടികളാം വരുന്നത് ഈ പാവപ്പെട്ട ഹരിജനങ്ങളുടെ മേലാണ്. ഇങ്ങനെയുള്ള ധാരാളം കേസ്സുകളാം ഉണ്ട്. അതെല്ലാം പരിശോധിച്ചിട്ട് ഈ പണമെല്ലാം സെക്രട്ടറിമാരിൽനിന്നും ഈടാക്കാനും ഇവരെ അതിൽനിന്നും ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബി ജോൺ: അത് ആ സൊസൈററിയുടെ ബൈലായേയും നിയമ നടപടികളേയും ആശ്രയിച്ചിരിക്കും. ഇപ്പോഴാം പറയാൻ സാധിക്കുകയില്ല.

ഡോക്ടർ കെ. ജി. അടിയോടി: കുടിശ്ശിക 38 കോടി രൂപയുടെ ഉണ്ടെന്ന് പറഞ്ഞു. ഏതിനത്തിലാണ് കുടിശ്ശിക കൂടുതൽ വന്നത്. അബ്കാരിയാണോ; റവന്യൂ ആണോ, വായ്പയാണോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ബേബി ജോൺ: 38 കോടി രൂപ ഡിമാൻറാണ്. നേരത്തെതന്നെ കളക്ഷൻ കഴിഞ്ഞ് 18 കോടി രൂപയാണ്, ഗവൺമെൻറും കോടതിയും എല്ലാം കൂടിയുള്ള മൊത്തം സ്റേറ. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതിൽ സെയിൽസ് ടാക്സിനാണ് 22,37,19,787 രൂപ ഡിമാൻറ് വന്നത്. അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിൽ 2,43,45,000 രൂപയാണ്. 1978-79 ലെ കണക്കാണ്. അബ്കാരി ഇനത്തിൽ 2,75,89,000 രൂപ. മോട്ടോർ വെഹിക്കിൾസ് ടാക്സ് 83,11,000 രൂപ. Loans issued by other departments. 11,00,000 പരം രൂപ. മിസലേനിയസ് ഫെറംസ് 7,44,00,000 രൂപ. റോഡ് വെൽഫെയർ ഫണ്ട് 1,54,00,000 രൂപ. ഷോർട്ട് ടേം ലോൺസ് 56,00,000 രൂപ. ഇതാണ് മൊത്തം 39 കോടി എന്നു പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: 4 കോടി രൂപ സ്റേറയും തവണയും അനുവദിച്ചിട്ടുണ്ടെന്ന് പറഞ്ഞു. വെള്ളപ്പൊക്ക സമയത്ത് ഗവൺമെൻറ് വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽനിന്നും ഈടാക്കുന്നത് നിർത്തിവയ്ക്കുമെന്ന് പറഞ്ഞു. അത് ഇതിൽ ഉൾപ്പെടുമോ? അതോ അത് കൂടാതെയാണോ?

ശ്രീ. ബേബി ജോൺ: അത് ഇതിൽ ഉൾപ്പെടും.

ശ്രീ. എൻ. ഭാസ്കരൻ നായർ: 1000 രൂപയിൽ കുറവ് കുടിശ്ശികയുള്ള കേസ്സുകളിൽ തഹസീൽദാർമാർ റവന്യൂ റക്കവറി നടപടിമൂലം തുക ഈടാക്കുമ്പോഴും അത് ഇൻസ്ട്രുമെൻറായി ഈടാക്കുന്നതിനുള്ള അധികാരം തഹസീൽദാർമാർക്ക് കൊടുക്കുമോ?

ശ്രീ. ബേബിജോൺ: എല്ലാം ഇൻസ്ട്രുമെൻറ് വ്യവസ്ഥയിൽ ഈടാക്കണമെന്നുള്ള നിർദ്ദേശം കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. ഇപ്പോഴത്തന്നെ കുറച്ച് തുകകൊണ്ട് അടച്ചാൽ അവർ സ്വീകരിക്കും. സെയിൽസ് ടാക്സ് ആക്ടിൽ അങ്ങനെ പ്രത്യേകതയില്ല.

ശ്രീ. എൻ. ഭാസ്കരൻ നായർ: തഹസീൽദാർമാർക്ക് അങ്ങനെ നിർദ്ദേശം കൊടുത്തിട്ടില്ല.

ശ്രീ. ബേബി ജോൺ: തഹസീൽദാർക്ക് മാത്രമല്ല ആർക്കും അങ്ങനെയൊരു അധികാരം കൊടുത്തിട്ടില്ല. ഗവൺമെൻറിന് കിട്ടാനുള്ള തുക ആയതുകൊണ്ട് ഒരു പരിഗണന കൊടുത്ത് ആളുകളെ സഹായിക്കുന്നത് അവർക്ക് അനാവശ്യമായ ഉപദ്രവം ഉണ്ടാക്കരുതെന്ന് കരുതി ഗവൺമെൻറ് ഇൻഹെറൻറ് ആയിട്ടുള്ള അധികാരം ഉപയോഗിക്കുകയാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: 39 കോടിയിൽപരം രൂപ കുടിശ്ശികയിനത്തിൽ കിട്ടിയെന്നു പറഞ്ഞു. അതിൽത്തന്നെ 22 കോടി രൂപ സെയിൽസ് ടാക്സ് ഇനത്തിലാണെന്നു പറഞ്ഞു. ഈ ഇനത്തിൽ നാട്ടുകാരിൽനിന്നും പിരിച്ചെടുത്ത സംഖ്യ കൊടുക്കാത്തതാണ്. അത് സ്വീകരിക്കുന്നതിനുവേണ്ടി എന്താണ് നടപടി സ്വീകരിക്കാൻ ബുദ്ധിമുട്ടായിട്ടുള്ളത്?

ശ്രീ. ബേബി ജോൺ: 39 കോടി രൂപ 1978.79-ലെ ഡിമാൻറാണ്. അതിയേഴ്സ് കളക്ഷനെ സംബന്ധിച്ചുള്ളതാണ്. അത്രയും കുടിശ്ശികയാണെന്നുള്ള ധാരണ തെറ്റാണ്. കാരണം ഇതിൽത്തന്നെ ആർ.ആർ. സർട്ടിഫിക്കറ്റിന്റെ റിട്ടേൺ ഉണ്ട്. പണം മടക്കികിട്ടുന്നതിനാണെന്നു തോന്നുന്നു 9,44,00,000 രൂപയുടെ ആർ.ആർ. സർട്ടിഫിക്കറ്റ് റിട്ടേൺ ചെയ്തിട്ടുണ്ട്. ഗവൺമെൻറും കോടതിയും എല്ലാംകൂടി സ്റേറ ചെയ്തിട്ടുള്ളതാണ് 18 കോടി രൂപ. അതിൽ 6,28,00,000 രൂപ കളക്റ് ചെയ്തിട്ടുണ്ട്. ഇനി സ്റേറ ഇല്ലാതെ കളക്റ് ചെയ്തിട്ടുള്ളത് 4,43,00,000 രൂപയാണ്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: സെയിൽസ്ടാക്സ് ഉദ്യോഗസ്ഥൻമാർ സെയിൽസ് ടാക്സ് പിരിക്കാനുള്ള സംഖ്യയുടെ മൂന്നും നാലും ഇരട്ടി തുക കണക്കുകൂട്ടിക്കൊണ്ട് റവന്യൂ റക്കവറി നടത്തുന്ന സമ്പ്രദായം മാറ്റിയിട്ട് യഥാർത്ഥത്തിൽ ഉള്ളത് പിരിക്കത്തക്കവിധത്തിലുള്ള സംവിധാനം ഉണ്ടാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: നികുതി കൊടുക്കേണ്ട ആളുകൾക്ക് എപ്പോഴും പരാതി കാണും. അമിതമായ പിരിവുണ്ടെന്നുള്ള പരാതി സ്വാഭാവികമായും ഉണ്ടാകും. സ്സെസ്സ്മെന്റ് അതോറിറ്റിയുടെ ബേസിസിലാണ് നികുതി പിരിവ് നടത്തുന്നത്.

ശ്രീ. പി. പി. ഏസ് തോമസ്: സ്റ്റേറ്റ് ഉത്തരവ് കൊടുക്കുന്നതിനകത്ത് ഗഡുക്കളായി കൊടുക്കുന്നതുകൊണ്ട് സാമ്പത്തികമായി കഴിവുള്ളവരും പണം അടക്കാൻ സാദ്ധ്യതയുള്ളവരും ആയ ആളുകൾക്കും തവണകൾ ഉപയോഗിച്ച് അടയ്ക്കുന്നതിനുള്ള സൗകര്യം കിട്ടുമെന്നുള്ളതുകൊണ്ട് അർഹതയുള്ളവർക്ക് ലഭിക്കാനും അർഹതയില്ലാത്ത ആളുകൾക്ക് ഗഡുക്കൾ ചുരുക്കി കൊടുക്കുകയോ തടയുകയോ ചെയ്യത്തക്കവിധത്തിൽ പണം റിയലൈസ് ചെയ്യാനുമുള്ള നടപടികൾ എടുക്കുമോ?

ശ്രീ. ബേബി ജോൺ: പൊതുവിൽ ഉദാരമായ നയം സ്വീകരിക്കുമ്പോൾ അതിന്റെ മറവിൽ കൊടുക്കാൻ സാധിക്കുന്ന പലരും ഈ സാവകാശം ഉപയോഗിക്കുന്നുണ്ടെന്നുള്ളത് ഗവൺമെന്റിനറിയാം. പക്ഷേ അതുകൊണ്ട് നിർത്താൻ സാധിക്കുകയില്ല. കാരണം വളരെയേറെ ആളുകൾക്ക് പ്രയോജനം ഉണ്ടാകുന്നതാണ്. ചില്പ്പോൾ ചില ആളുകൾ പ്രഥമദൃഷ്ട്യാ വളരെ സൗകര്യമുള്ളവരാണെന്നു തോന്നിയാൽ തന്നെയും പെട്ടെന്ന് കൊടുക്കാൻ സാധിക്കാത്ത ധാരാളം ആളുകൾ ഉണ്ട്. അതെല്ലാം കൂടി കണക്കിലെടുത്തുകൊണ്ട് മാത്രമേ ഗവൺമെന്റിന് തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. ടി. എ. മജീദ്: അപ്പലേറ്റ് അതോറിറ്റി നിർബ്ബാധം ലക്ഷക്കണക്കിന് രൂപയുടെ സ്റ്റേ കൊടുക്കുന്നത് നിയന്ത്രിക്കുന്നതിന് ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ?

ശ്രീ. ബേബി ജോൺ: അപ്പലേറ്റ് അതോറിറ്റിയുടെ പ്രവർത്തനം നിയന്ത്രിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. അതൊരു സ്സെസ്സ്മെന്റ് അതോറിറ്റിയാണ്. അവർക്ക് അതിനുള്ള അവകാശമുണ്ട്; അധികാരവും ഉണ്ട്. അതനുസരിച്ചാണ് പ്രവർത്തിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ്: കാർഷികാദായ നികുതി അസസ്സ് ചെയ്തുകഴിഞ്ഞാൽ അപ്പീൽ കൊടുത്ത് തീരുമാനം വരുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് കാർഷികാദായ നികുതിയിൻമേൽ സ്റ്റേയ്ക്കുവേണ്ടി അപേക്ഷിക്കുമ്പോൾ രണ്ട് മാസം എന്നുള്ള ആ മാനദണ്ഡം കാർഷികാദായ നികുതിയുടെ കാര്യത്തിൽ ഇളവ് ചെയ്യാൻ നടപടി എടുക്കുമോ?

ശ്രീ. ബേബി ജോൺ: ഒരു കാര്യത്തിലും അത് ഇളവ് ചെയ്യാൻ അനുവദിക്കുന്നില്ല. മുമ്പെല്ലാം ചില പെറ്റീഷനുകൾ കിട്ടിയിട്ട് ആ പെറ്റീഷനുകൾ തീരുന്നതുവരെ, തീരുമാനം എടുക്കുന്നതുവരെ സ്റ്റേ കൊടുക്കണമെന്നു പറഞ്ഞാൽ വർഷങ്ങൾ കഴിഞ്ഞാലും പെറ്റീഷൻ പിന്നെ കാണാറില്ല. അതുകൊണ്ട് തീരുമാനം എടുക്കാനും സാധിക്കുന്നില്ല. കൂടിശ്ശിക പിരിക്കാനും ഇതുമൂലം സാധിക്കുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് തീരുമാനം എടുക്കുമ്പോൾ ഒറ്റ് റൈറ്റ് സ്റ്റേ കൊടുക്കുകയാണെങ്കിൽ ഒരു പ്രാവശ്യം രണ്ട് മാസത്തിൽ കൂടുതൽ കൊടുക്കാൻ സാധിക്കുകയില്ല. തവണകളും കൊടുക്കുന്നുണ്ട്. അത് മാറ്റാനും ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ 18 കോടി രൂപ കോടതിയിൽനിന്നും മറ്റും സ്റ്റേ ഇനത്തിൽ കിടക്കുന്നുണ്ടെന്നു പറഞ്ഞു. ഈ 18 കോടി രൂപയുടെ സ്റ്റേയെല്ലാം കശുവണ്ടി മുതലാളിമാർ കോടതിയിൽനിന്നും സമ്പാദിച്ചിട്ടുള്ളതാണെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. അങ്ങനെയാണെങ്കിൽ ആ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുവേണ്ടി ഗവൺമെൻറിന്റെ മെഷീനറി ഉപയോഗിച്ച് അടിയന്തിരമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട മെമ്പർ കേട്ടത് തെറ്റാണ്. 18 കോടി രൂപ കോടതികൾ സ്റ്റേ ചെയ്തതായി ഞാൻ പറഞ്ഞില്ല. ആകെ ഗവൺമെൻറും കോടതികളും അപ്പലേറ്റ് അതോറിറ്റികളും ബോർഡും എല്ലാം കൂടി കൊടുത്തതാണ് എന്നാണ് പറഞ്ഞത്. അതു തന്നെ ഔട്ട്റൈറ്റ് സ്റ്റേ ആയിരിക്കുകയില്ല. പലതും കണ്ടീഷൻസ് സ്റ്റേ ആണ്, ഗവൺമെൻറ് കൊടുത്തിട്ടുള്ളത് പലതും തവണകളാണ്. കോടതികളിലുള്ള സ്റ്റേ വെക്കേറ്റ് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണ സംഘങ്ങളിലെ തിരഞ്ഞെടുപ്പു ഹർജികൾ

* 666 [726] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:

,, ജി. പി. മംഗലത്തുമഠം:

,, ഇ. നാരായണൻ നായർ:

,, വി. ഈച്ചരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ എത്ര തിരഞ്ഞെടുപ്പു ഹർജികൾ തീരുമാനമാകാതെ കിടക്കുന്നുണ്ട്;

(ബി) ഇതിൽ തിരഞ്ഞെടുപ്പു കഴിഞ്ഞ ഭരണസമിതിയുടെ കാലാവധി തീരാറായിട്ടുള്ള കേസുകൾ എത്രയുണ്ട്;

(സി) ഇപ്രകാരം കാലതാമസം വരുന്നതിന്റെ കാരണമെന്താണ്;

(ഡി) കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ തിരഞ്ഞെടുപ്പു കേസ് തീരുമാനമാകാതെ കിടക്കുന്നത് എന്തുകൊണ്ടാണ്?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ): (എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കോട്ടയം ജില്ലാ സഹകരണബാങ്ക് തിരഞ്ഞെടുപ്പു കേസ്സിനെ ചോദ്യം ചെയ്തുകൊണ്ട് 1977-ലെ 3871-ാം നമ്പർ ഒ.പി. ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഒ.പി.യുടെ അടിസ്ഥാനത്തിൽ കോട്ടയം സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാറുടെ ആർബിട്രേഷൻ കോടതി മുമ്പാകെയുള്ള കേസ്സിന്റെ അനന്തര നടപടികൾ 28.10.1977-ലെ സി.എം.പി. 16337/77 നമ്പർ ഉത്തരവുപ്രകാരം ഹൈക്കോടതി വിലക്കിയിട്ടുള്ളതിനാലാണ് തീരുമാനമാകാതെ കിടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly